**അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 683581**
**GSTIN:32AAALA2475K1ZC ഫോൺ നമ്പർ : 0484-2696690**
**ayyampuzhagp@gmail.com**

നമ്പർ: 2455644-2026

തീയതി : 18-06-2026

## പുനർലേല നോട്ടീസ്

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ കമ്മ്യൂണിറ്റി ഹാൾ കോമ്പൌണ്ടിൽ മുറിച്ചിട്ടിരിക്കുന്ന തേക്ക് ഒഴികെയുള്ള മരങ്ങൾ 2026 ജൂൺ 26 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് പരസ്യമായി പുനർലേലം ചെയ്ത് നൽകുന്നതാണ്. പുനർലേലത്തിൽ പങ്കെടുക്കുന്നവർ 1000 രൂപ നിരദ്രവ്യം അടക്കേണ്ടതാണ്. 100 രൂപയോ അതിന്റെ ഗുണിതങ്ങളോ ആയി മാത്രമെ പുനർലേലം കൂട്ടി വിളിക്കാൻ പാടുള്ളു. ലേലം പൂർണ്ണമായി നിർത്തിവക്കാൻ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും. പുനർലേലം സംബന്ധമായ കൂടുതൽ നിബന്ധനകൾ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ലേലം കൂടുതൽ തുകക്ക് കൊള്ളുന്നയാൾക്ക് താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതാണ്. ലേലം ഉറപ്പിക്കുന്ന സമയത്ത് തന്നെ ലേലതുക നികുതികൾ അടക്കം മുഴുവനായും അടക്കേണ്ടതാണ്. ലേല സംഖ്യയുടെ 5 % ഫോറസ്റ്റ് ടാക്സും, 18% ജി.എസ്.റ്റിയും അടക്കേണ്ടതാണ്. ലേലം അംഗീകരിക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും. ലേലം ഉറപ്പിക്കുന്നയാൾ പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം ലഭിക്കുന്ന മുറക്ക് 200 രൂപ മുദ്രപത്രത്തിൽ ഉടമ്പടി വക്കേണ്ടതും സ്വന്തം ഉത്തരവാദിത്വത്തിൽ മറ്റ് കെട്ടിടങ്ങൾക്കോ, വസ്തുക്കൾക്കോ നാശം ഉണ്ടാകാതെ 10 ദിവസത്തിനകം ടി മരങ്ങൾ മുറിച്ച് നീക്കേണ്ടതാണ്.

Document certified by SUNIL K N <sunilkn3540@gmail.com>.
Digitally signed by SUNIL K N
Date: 2026.06.18 15:54:33 IST
Reason: KSMART

സെക്രട്ടറി

പ്രസിദ്ധപ്പെടുത്തേണ്ട സ്ഥലങ്ങൾ

1) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ്.
2) അയ്യമ്പുഴ വില്ലേജ് ഓഫീസ്.
3) ഗവ. ഹോമിയോ ഡിസ്പെൻസറി, അയ്യമ്പുഴ.
4) കൃഷി ഭവൻ
5) വെബ്സൈറ്റ്